(ഇ) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭക്ഷ്യ ഗവേഷണ കൗൺസിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതാണ്.

മാവേലി ഹോട്ടലുകൾ

113 (127) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പുവഴി മാവേലി ഹോട്ടലുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നുവോ ;

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര മാവേലി ഹോട്ടലുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ആരംഭിച്ച മാവേലി ഹോട്ടലുകളുടെ പ്രതിദിന ശരാശരി വിറ്റുവരവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര മാവേലി ഹോട്ടലുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് കൂടുതൽ മാവേലി ഹോട്ടലുകൾ ആരംഭിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ മാവേലി ഹോട്ടലുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ സംസ്ഥാനമൊട്ടാകെ 74 മാവേലി ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) ശരാശരി പ്രതിദിന വിറ്റുവരവ് 1,692 രൂപയാണ്.

(ഡി) സംസ്ഥാനത്ത് നിലവിൽ 32 മാവേലി ഹോട്ടലുകൾ പ്രവർത്തിച്ചു വരുന്നു.

(ഇ) മാവേലി ഹോട്ടലുകൾ തുടങ്ങാൻ സന്നദ്ധരായ സംഘടനകളോ വ്യക്തികളോ മുന്നോട്ടുവന്നാൽ ആയതിനുള്ള സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കുന്നതാണ്.

മാവേലി ഹോട്ടലുകൾ

114 (128) ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം നേരിടുന്നതിനായി സംസ്ഥാനത്തെ മുഴുവൻ പട്ടണങ്ങളിലും കുറഞ്ഞ നിരക്കിൽ ഊണ് ലഭിക്കുന്നവിധം മാവേലി ഹോട്ടലുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തുടങ്ങിയ എത്ര ഹോട്ടലുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ ഭക്ഷ്യ സാധനങ്ങളുടെ രൂക്ഷമായ വിലക്കയറ്റം പിടിച്ചുനിർത്താൻ ഇനിയും ഇത്തരത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനമൊട്ടാകെ നിലവിൽ 32 മാവേലി ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നു.

(ബി)

1. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

2. സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകൾ വഴിയും 12.70 രൂപയ്ക്ക് പുഴുക്കലരിയും പച്ചരിയും വിതരണം ചെയ്തുവരുന്നു.

3. പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, ബോധന, പച്ചരി)ക്ക് കിലോഗ്രാമിന് 16 രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

4. കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ വിലകൾക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 9 മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് ആവശ്യമായ വാഹനങ്ങൾ വാങ്ങിക്കഴിഞ്ഞു. ഇവ ഈ മാസം മുതൽ പ്രവർത്തനം ആരംഭിക്കും. നിലവിൽ ഇത്തരം 8 മൊബൈൽ മാവേലികൾ പ്രവർത്തിക്കുന്നുണ്ട്.

5. 4 വർഷം മുൻപ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകളെ ആശ്രയിച്ചിരുന്നത് 52 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ ഒരു കോടിയിലധികമായി ഉയർന്നു. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ കൂടുതൽ ഫലപ്രദമാകുന്നതിന്റെയും സപ്ലൈകോയിൽ ജനങ്ങൾ കൂടുതലായി വിശ്വാസമർപ്പിക്കുന്നുവെന്നതിന്റെയും വ്യക്തമായ തെളിവാണ്.

6. ശാസ്ത്രീയമായ സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുകവഴി എല്ലാ വില്പനശാലകളിലും എല്ലാ സമയത്തും അവശ്യ സാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി, ഗുണ നിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

7. ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം സപ്ലൈകോയിൽ ഏർപ്പെടുത്തുകവഴി പൊതു വിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

8. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻകാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

9. ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുവാനായി റേഷൻകടകൾവഴി ഫോർട്ടിഫൈഡ് ആട്ട കിലോക്ക് 12 രൂപയ്ക്ക് വിതരണം നടത്തിവരുന്നു.

10. എ.ആർ.ഡി., ശബരി സ്റ്റോറുകൾ, തീരമൈത്രി സൂപ്പർമാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. മേൽപ്പറഞ്ഞ നടപടികൾവഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കുകയും അതുവഴി പൊതുവിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു.

11. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും സപ്ലൈകോ ഇടപെടുന്നു. FMCG സാധനങ്ങൾ MRP-യേക്കാളും ശരാശരി 3-7% വിലക്കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട-കുത്തക കച്ചവടക്കാരെ MRP-ൽനിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാകുകയും ചെയ്യുന്നു.

12. പൊതുവിപണിയിലേതിനെക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി എന്നിവ 'ശബരി' എന്ന പേരിൽ വിപണിയിൽ വില്പന നടത്തിവരുന്നു.

13. ഉത്സവകാലങ്ങളിലെ വിലവർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

14. ലേബർ ബ്യൂറോ ഓഫ് ഇന്ത്യ പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചികപ്രകാരം വിലനിലവാരം ഏറ്റവും കുറവുള്ള രാജ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

15. പച്ചക്കറികളുടെ വിലയിൽ ഉണ്ടായേക്കാവുന്ന വില വർദ്ധനവ് തടയുന്നതിലേക്കായി സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും എല്ലായിനം പച്ചക്കറികളും പൊതുവിപണി വിലയേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തിവരുന്നുണ്ട്.

16. റേഷൻ കടകളിലൂടെ നിലവിലുള്ള റേഷൻ സാധനങ്ങൾക്ക് പുറമേ സപ്ലൈകോ, മുഖാന്തിരം മറ്റ് അവശ്യ വസ്തുക്കൾകൂടി വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലാണ്.

17. സബ്സിഡി നൽകി കിലോക്ക് 25 രൂപാ നിരക്കിൽ പഞ്ചസാര വിതരണം ചെയ്യുന്നു.

18. റേഷൻ കടകളിലൂടെ 40 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപാ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly